**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **12-09-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാമിഷൻ നടത്തിവരുന്ന വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ അർഹരായവർക്ക് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പദ്ധതികളുടെ ഇനംതിരിച്ച് ലഭ്യമാക്കാമോ? | (എ) | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തി വരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ അർഹരായവർക്കുള്ള ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സ്നേഹപൂർവ്വം :** മാതാപിതാക്കളിൽ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. സ്നേഹപൂർവ്വം പദ്ധതിയിലെ 2022-2023 സാമ്പത്തിക വർഷം അനുവദിച്ച 11 കോടി 5 ലക്ഷം രൂപ ഉപയോഗിച്ച് 21742 കുട്ടികൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സ്നേഹപൂർവ്വം പദ്ധതിക്കായി 17 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. **സ്നേഹസാന്ത്വനം:** കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസം ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം. പ്രസ്തുത പദ്ധതിയിലെ അർഹരായ ഗുണഭോക്താക്കൾക്ക് 2023 മാർച്ച് വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 17 കോടി രൂപ ലഭ്യമാക്കുന്ന മുറയ്ക്ക് ആനുകൂല്യം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

3. **ആശ്വാസകിരണം:** തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. 2022-2023 സാമ്പത്തിക വർഷത്തിൽ ആശ്വാസ കിരണം പദ്ധതിക്കായി അനുവദിച്ച 25 കോടി രൂപയിൽ 24,21,09,045/- രൂപ ചെലവഴിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 38104 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം ജില്ല ഒഴികെയുള്ള ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 11 മാസത്തെയും കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് 10 മാസത്തെയും

ധനസഹായമാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ നിന്നും 15 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**4 . സമാശ്വാസം പദ്ധതി :** വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ , വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി . ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും, വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും, ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും, നോൺ ട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി ലഭിച്ച 30 ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

**5. സ്നേഹസ്പർശം:** ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം (2000 രൂപ) നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം. ഈ പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി ആയിട്ടുണ്ട്. ഇതിൽ നിന്നും ആദ്യ ഗഡു 76 ലക്ഷം രൂപ അനുവദിക്കുകയും 62.48 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.